കൂത്തുപറമ്പ് ക്ഷേത്രത്തിൽ മോഷണം

കാണിക്കവഞ്ചിയിലെ പണവും അലമാരയിൽ സൂക്ഷിച്ചിരുന്ന സ്വർണവും കവർന്നു

വെഞ്ഞാറമൂട്: പാലാംകോണം കൂത്തുപറമ്പ് ശ്രീ ഭദ്രകാളി ക്ഷേത്രത്തിൽ നടന്ന മോഷണത്തിൽ കാണിക്കവഞ്ചിയിലെ പണവും സ്വർണങ്ങളും മോഷണം പോയതായി ക്ഷേത്ര ഭരണസമിതി. വെള്ളിയാഴ്ച രാത്രിയാണ് മോഷണം നടന്നത്. രാത്രി 12ന് ക്ഷേത്രത്തിനുള്ളിൽ കയറിയ മോഷ്ടാക്കൾ തിടപ്പള്ളിയും ഓഫീസും കുത്തിതുറക്കുകയും അലമാരയിൽ സൂക്ഷിച്ചിരുന്ന ക്ഷേത്രത്തിലെ സ്വർണം കവരുകയുമായിരുന്നു. കാണിക്കവഞ്ചി കുത്തിതുറന്ന് അതിനുള്ളിലുള്ള പണവും മോഷ്ടാക്കൾ കൈക്കലാക്കി. സിസിടിവി കാമറകൾ തകർക്കുകയും മോണിറ്ററും ഇന്റർനെറ്റ് മോഡവും കൊണ്ടു പോകുകയും ചെയ്തു. രാവിലെ ക്ഷേത്രത്തിലെത്തിയ പൂജാരിയാണ് മോഷണം നടന്നതായി കണ്ടത്. ഉടൻ തന്നെ ക്ഷേത്ര ഭാരവാഹികളെ വിവരം അറിയിക്കുകയും അവരെത്തിയ ശേഷം വെഞ്ഞാറമൂട് പോലീസിൽ വിവരം അറിയിക്കുകയുമായിരുന്നു. പോലീസും ഡോഗ് സ്ക്വാഡും വിരലടയാള വിദഗ്ധരും സ്ഥലത്തെത്തി പരിശോധന നടത്തി. മൂന്നു ലക്ഷം രൂപയോളം നഷ്ടമുള്ളതായി ക്ഷേത്ര ഭാരവാഹികൾ പറഞ്ഞു.

കൂത്തുപറമ്പ് ശ്രീ ഭദ്രകാളി ക്ഷേത്ര തിടപ്പള്ളിയും, കാണിക്ക വഞ്ചിയും മോഷ്ടാക്കൾ കുത്തിതുറന്ന നിലയിൽ

ലോറി തലകീഴായി മറിഞ്ഞു: ക്ലീനർ രക്ഷപ്പെട്ടത് തലനാരിഴയ്ക്ക്

മെഡിക്കൽകോളജ്: സെപ്ടിക് ടാങ്കിന്റെ മൂടിയിൽ കയറി തലകീഴായി മറിഞ്ഞ ടാങ്കർലോറിയിൽ നിന്ന് ക്ലീനർ രക്ഷപ്പെട്ടത് തലനാരിഴയ്ക്ക്. കഴിഞ്ഞദിവസം രാത്രിയോടുകൂടിയാണ് സംഭവം. പട്ടത്തെ ഒരു കേന്ദ്രത്തിൽ എം-സാൻഡ് ഇറക്കുന്നതിനായി എത്തിയ തമിഴ്നാട് രജിസ്ട്രേഷനിലുള്ള ലോറിയാണ് അപകടത്തിൽ പെട്ടത്.

അപകടം നടക്കുന്ന സമയം ഡ്രൈവറും ഒരു ക്ലീനറുമാണ് വാഹനത്തിൽ ഉണ്ടായിരുന്നത്. സെപ്ടിക് ടാങ്കിൽ കയറിയ ഉടൻ ലോറി തലകീഴായി മറിയുകയായിരുന്നു. ടാങ്കിന്റെ മൂടിക്ക് 20 അടിയോളം നീളമാണ് ഉണ്ടായിരുന്നത്. ലോറി മറിഞ്ഞതോടെ ക്ലീനർ സ്ലാബിന്റെ അടിയിൽപ്പെട്ട് ഒരുമണിക്കൂറോളം കിടന്നു. തിരുവനന്തപുരം ഫയർസ്റ്റേഷൻ ഓഫീസിൽ നിന്ന് ഉദ്യോഗസ്ഥരെത്തിയാണ് ക്ലീനറെ രക്ഷപ്പെടുത്തിയത്.

തമിഴ്നാട് മാർത്താണ്ഡം സ്വദേശിയായ സെൽവൻ (53) ആണ് അപകടത്തിൽപ്പെട്ടത്. അസിസ്റ്റന്റ് സ്റ്റേഷൻ ഓഫീസർ ഷാജി ഖാന്റെ നേതൃത്വത്തിൽ സജികുമാർ, നിഖിൽ, എം. ബിജു, ജെ. രതീഷ്, ആർ.പി അരുൺ, പി. അനീഷ്, സനിത്ത്, സുജിത്കുമാർ, ഡ്രൈവർമാരായ ദീപക്ക്, ബാബു, അഭിലാഷ്, ശിവഗണേഷ് എന്നിവർ ചേർന്നാണ് സെൽവനെ രക്ഷപ്പെടുത്തിയത്. പരിക്കേറ്റ ഇദ്ദേഹത്തെ തിരുവനന്തപുരം മെഡിക്കൽകോളജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ചികിത്സയ്ക്കുശേഷം സെൽവൻ ആശുപത്രി വിട്ടു.

പട്ടത്ത് എം-സാൻഡുമായി എത്തിയ ലോറി സെപ്ടിക് ടാങ്കിൽ കയറി മറിഞ്ഞ നിലയിൽ.

എസ്.വിജയകുമാരൻ നായർ വെൺപകൽ ബാങ്ക് പ്രസിഡന്റ്

പാറശാല: വെൺപകൽ സർവീസ് സഹകരണ ബാങ്ക് പ്രസിഡന്റായി വീണ്ടും എസ് വിജയകുമാരൻ നായരെ തെരഞ്ഞെടുത്തു. യൂണിറ്റ് ഇൻസ്പെക്ടർ എസ്.അനിൽകുമാറിന്റെ അധ്യക്ഷതയിൽ ചേർന്ന ഭരണസമിതി യോഗത്തിലായിരുന്നു പ്രസിഡന്റ് തെരഞ്ഞെടുപ്പ്. ഇടതുപക്ഷ ജനാധിപത്യ സഹകരണ സംരക്ഷണ മുന്നണിയാണ് തെരഞ്ഞെടുപ്പിൽ വിജയിച്ചത്. എസ്.ആർ.അജയൻ, ആർ.കലാകാരൻ, അർ.ചന്ദ്രകുമാർ, എം.ഡി.ജോർജ്, കെ.രാധാകൃഷ്ണൻ നായർ, പി.എസ്.വിപിൻ കുമാർ, എം.ശ്രീകാന്ത്, എസ്.ആർ.ശ്രീജയകുമാരി, സി.കെ.സുധാമണി, എൽ. ബിനു, ആർ.ജെ.രാജീവ്, എസ്.രജനി എന്നിവരാണ് ഭരണസമിതി അംഗങ്ങൾ. ബാങ്ക് പരിസരത്ത് ചേർന്ന യോഗം കെ.ആൻസലൻ എംഎൽഎ ഉദ്ഘാടനം ചെയ്തു.

അഴീക്കൽ പ്രജിൽ വധക്കേസ്: ഒന്നാം പ്രതി കുറ്റക്കാരൻ

കൊല്ലം: അഴീക്കൽ സ്രായിക്കാട് പ്രവീൺ ഭവനിൽ പ്രബുദ്ധന്റെ മകൻ പ്രജിലിനെ കൊലപ്പെടുത്തിയ കേസിൽ ശിക്ഷ ഇന്ന് വിധിക്കും. ഒന്നാംപ്രതി അഴീക്കൽ തുറയിൽ പുത്തൻവീട്ടിൽ അർജുനെ കൊല്ലം ഫോർത്ത് അഡീഷണൽ സെഷൻസ് കോടതി ജഡ്ജി എസ്.സുഭാഷ് കുറ്റക്കാരനാണെന്ന് കണ്ടെത്തിയിരുന്നു. കേസിലെ രണ്ടു മുതൽ ആറു വരെ പ്രതികളെ കുറ്റക്കാരല്ലെന്ന് കണ്ട് വെറുതെ വിട്ടു. ഓച്ചിറ പോലീസ് സ്റ്റേഷൻ സബ് ഇൻസ്പെക്ടർ ആയിരുന്ന വിനോദ് ചന്ദ്രൻ, കരുനാഗപ്പള്ളി പോലീസ് സ്റ്റേഷൻ ഇൻസ്പെക്ടർ മാരായിരുന്ന രാജപ്പൻ റാവുത്തർ എന്നിവരായിരുന്നു കേസ് അന്വേഷിച്ചത്.

കെ-സ്റ്റോർ ഉദ്ഘാടനം ചെയ്തു

പാലോട്: പെരിങ്ങമ്മല പഞ്ചായത്തിലെ ജവഹർ കോളനിയിൽ പ്രവർത്തിക്കുന്ന പൊതുവിതരണ കേന്ദ്രം കെ സ്റ്റോർ ആക്കി മാറ്റിയതിന്റെ ഉദ്ഘാടനം ഡി.കെ മുരളി എംഎൽഎ നിർവഹിച്ചു.

പെരിങ്ങമ്മല പഞ്ചായത്ത് പ്രസിഡന്റ് സി.പി കാർത്തിക അധ്യക്ഷത വഹിച്ചു. ജവഹർ കോളനിയിൽ നടന്ന ചടങ്ങിൽ ബ്ലോക്ക് മെമ്പർ എ .റിയാസ് ആദ്യ വില്പന നടത്തി. വാർഡ് മെമ്പർ ഗീതാ പ്രിജി, അപ്പു, എൽ സാജൻ,, അസിസ്റ്റന്റ് സപ്ലൈ ഓഫീസർമാരായ വി.മധു, എ .സജാദ് തുടങ്ങിയവർ പ്രസംഗിച്ചു.

ജവഹർ കോളനിയിൽ പ്രവർത്തിക്കുന്ന പൊതുവിതരണ കേന്ദ്രം കെ - സ്റ്റോർ ആക്കി മാറ്റിയതിന്റെ ഉദ്ഘാടനം ഡി.കെ മുരളി എംഎൽഎ നിർവഹിക്കുന്നു.

രക്ഷകർത്താക്കൾക്ക് നിയമ സഹായമൊരുക്കി പൊന്മുടി യുപിഎസ്

വിതുര: പൊന്മുടി മേഖലയിൽ പിന്നാക്കം നിൽക്കുന്ന രക്ഷകർത്താക്കൾക്കും കുട്ടികൾക്കുമുള്ള നിയമസഹായങ്ങൾ ലഭ്യമാക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം ലീഗൽ സർവീസസ് അഥോറിറ്റിയുടെ ആഭിമുഖ്യത്തിൽ പൊന്മുടി ഗവ.യു പി സ്കൂളിൽ 'ഇന്ററാക്ഷൻ ചിൽഡ്രൻ ആൻഡ് പാരൻസ് പ്രോഗ്രാം' സംഘടിപ്പിച്ചു.

ടിഡിഎൽഎസ്എ സെക്രട്ടറിയും സബ് ജഡ്ജുമായ ഷംനാദ് ചടങ്ങ് ഉദ്ഘാടനം ചെയ്തു. എസ്എംസി ചെയർമാൻ പൊന്മുടി പ്രകാശ് അധ്യക്ഷത വഹിച്ച യോഗത്തിൽ പ്രഥമാധ്യാപിക ലത സ്വാഗതം പറഞ്ഞു. സ്കൂളിലെ അടിസ്ഥാന സൗകര്യക്കുറവും വിദ്യാർഥികൾ ഉൾപ്പെടെ പൊതുവിൽ നേരിട്ടുകൊണ്ടിരിക്കുന്ന പ്രശ്നങ്ങൾ പിടിഎ പ്രസിഡന്റ് അവതരിപ്പിച്ചു. ചടങ്ങിൽ എസ്എച്ച്ഒ ശ്യാംജി പിടിഎ പ്രസിഡന്റ് ഗോപകുമാർ, വാർഡ് മെമ്പർ രാധാമണി തുടങ്ങിയവർ പങ്കെടുത്തു.

തിരുവനന്തപുരം ലീഗൽ സർവീസസ് അഥോറിറ്റിയുടെ ആഭിമുഖ്യത്തിൽ പൊന്മുടി ഗവ.യുപി സ്കൂളിൽ സംഘടിപ്പിച്ച ഇന്ററാക്ഷൻ ചിൽഡ്രൻ ആൻഡ് പാരൻസ് പ്രോഗ്രാം.

ഗ്രാമീണചന്ത ഉദ്ഘാടനം ചെയ്തു

വെള്ളറട: വെള്ളറട പഞ്ചായത്തിലെ മാർക്കറ്റിന്റെ ശോച്യാവസ്ഥയ്ക്കു പരിഹാരം കാണുന്നതിനായി മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി 50 ലക്ഷം വിനിയോഗിച്ച് പൂർത്തീകരിച്ച ഗ്രാമീണ ചന്തയുടെ ഉദ്ഘാടനം നടന്നു. ഇന്നലെ പഞ്ചായത്ത് പ്രസിഡന്റ് എം .രാജ്മോഹന്റെ അധ്യക്ഷതയിൽ കൂടിയ യോഗം സി.കെ. ഹരീന്ദ്രൻ എംഎൽഎ ഉദ്ഘാടനം ചെയ്തു.

ജില്ലാ പഞ്ചായത്ത് അംഗം അൻസജിതാ റസൽ മുഖ്യാതിഥിയായിരുന്നു. പഞ്ചായത്ത് വൈസ് പ്രസിഡന്റ് സരളാ വിൽസന്റ്, സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻമാരായ എസ്.ജയന്തി, സി.അശോക് കുമാർ, പനച്ചമൂട് വാർഡ് മെമ്പർ ഷാം, ഷിറാസ് ഖാൻ, ഡി . കെ.ശശി, ടി.ജയചന്ദ്രൻ, കള്ളിക്കാട് ഗോപൻ, ഇർഷാദ്, ചൂണ്ടിക്കൽ ശ്രീകണ്ഠൻ തുടങ്ങിയവർ പ്രസംഗിച്ചു.

കുടുംബ സംഗമവും മെഡിക്കൽ ക്യാമ്പും നാളെ

കിളിമാനൂർ: പുളിമാത്ത് തേജസ് റസിഡന്റ്സ് അസോസിയേഷൻ ആറാമത് വാർഷിക കുടുംബ സംഗമവും സത്യസായി സേവാ സംഘടനയുടെ സൗജന്യ മെഡിക്കൽ ക്യാമ്പും, അവാർഡു ദാനവും ഓണക്കിറ്റ് വിതരണവും നാളെ പുളിമാത്ത് ഗവ.എൽപിഎസിൽ നടക്കും. അസോസിയേഷൻ പ്രസിഡന്റ് എം.എ.യൂസഫ് അധ്യക്ഷത വഹിക്കുന്ന ചടങ്ങ് പഞ്ചായത്ത് പ്രസിഡന്റ് എസ്.സുസ്മിത ഉദ്ഘാടനം ചെയ്യും .

കിളിമാനൂർ സർക്കിൾ ഇൻസ്പെക്ടർ ബിജയൻ മുഖ്യ പ്രഭാഷണം നടത്തും. വൈസ് പ്രസിഡന്റ് കെ.സത്യൻ സ്വാഗതം പറയും. സെക്രട്ടറി തുളസി ആചാരി പ്രവർത്തന റിപ്പോർട്ട് അവതരിപ്പിക്കും. പഞ്ചായത്ത് വൈസ് പ്രസിഡന്റ് എ.അഹമദ് കബീർ, ബ്ലോക്ക് പഞ്ചായത്ത് അംഗം ആയിഷ , ഡോ.എ. ഫസിലുദിൻ എന്നിവർ പങ്കെടുക്കും

കിളിമാനൂർ: തേക്കിൻകാട് റസിഡന്റ്സ് അസോസിയേഷൻ പത്താം വാർഷികവും കുടുംബ സംഗമവും നാളെ ഉച്ചക്ക് രണ്ടിന് തേക്കിൻകാട് വിഎസ്എൽപിഎസിൽ നടക്കും.

ഒ.എസ്. അംബിക എംഎൽഎ ഉദ്ഘാടനം ചെയ്യും. അസോസിയേഷൻ പ്രസിഡന്റ് ആർ. സുഭാഷ് അധ്യക്ഷത വഹിക്കും. സെക്രട്ടറി കെ. ബാഹുലേയ കുറുപ്പ്, പഞ്ചായത്ത് പ്രസിഡന്റ് ഡി. സ്മിത, ഫ്രാക് പ്രസിഡന്റ് മോഹൻ വാലഞ്ചേരി, എസ്എച്ച്ഒ ജെ.അജയൻ എന്നിവർ പങ്കെടുക്കും.

ശ്രീ സ്വാതി തിരുനാൾ സംഗീത സഭയിൽ പ്രഫ. ടി.എം. അബ്ദുൾ ഹസീസ് നടത്തിയ കർണാടക സംഗീത കച്ചേരി

ഒന്നാംഘട്ട വിളവെടുപ്പ് നടത്തി

നെടുമങ്ങാട്: മൈലം ഗവ. എൽ പി സ്കൂളിൽ അധ്യാപകരും വിദ്യാർഥികളും പി ടിഎ, എസ്എംസി എന്നിവരുടെ സഹകരണത്തോടെ പൊന്നോണത്തെ വരവേൽക്കാൻ ഒരുക്കിയ ബന്ദി ത്തോട്ടത്തിന്റെ ഒന്നാംഘട്ട വിളവെടുപ്പ് അരുവിക്കര പഞ്ചായത്ത് പ്രസിഡന്റ് കല ഉദ്ഘാടനം ചെയ്തു. പ്രഥമധ്യാപിക അംബിക. പഞ്ചായത്ത് വൈസ് പ്രസിഡന്റ് രേണുക രവി, ബ്ലോക്ക് മെമ്പർ വിജയൻ നായർ, പ്രശാന്ത് എന്നിവർ പങ്കെടുത്തു.

മൈലം ഗവ. എൽപി സ്കൂളിലെ ബന്ദിത്തോട്ടത്തിന്റെ ഒന്നാംഘട്ട വിളവെടുപ്പ് അരുവിക്കര പഞ്ചായത്ത് പ്രസിഡന്റ് കല ഉദ്ഘാടനം ചെയ്യുന്നു .

കമ്പിവേലിയിൽ നിന്നും ഷോക്കേറ്റ് മരണം

അന്വേഷണം കാലതാമസമില്ലാതെ പൂർത്തിയാക്കണമെന്ന് മനുഷ്യാവകാശ കമ്മീഷൻ

തിരുവനന്തപുരം: സ്വകാര്യ വസ്തുവിൽ സ്ഥാപിച്ചിട്ടുള്ള കമ്പിവേലിയിൽ നിന്നും ഒരാൾ ഷോക്കേറ്റ് മരിച്ച സാഹചര്യത്തിൽ വെഞ്ഞാറമൂട് പോലീസ് രജിസ്റ്റർ ചെയ്ത കേസിന്റെ അന്വേഷണം കാലതാമസം കൂടാതെ പൂർത്തിയാക്കി അന്തിമ റിപ്പോർട്ട് കോടതിയിൽ സമർപ്പിക്കണമെന്ന് മനുഷ്യാവകാശ കമ്മീഷൻ ചെയർപേഴ്സൺ ജസ്റ്റിസ് അലക്സാണ്ടർ തോമസ്. നഷ്ടപരിഹാരം ലഭിക്കണമെന്നുണ്ടെങ്കിൽ മരിച്ചയാളുടെ ഭാര്യ കോടതിയെ സമീപിക്കണമെന്നും ജില്ലാ ലീഗൽ സർവീസ് അഥോറിറ്റി ഇതിനാവശ്യമായ സഹായം നൽകണമെന്നും കമ്മീഷൻ ആവശ്യപ്പെട്ടു. വെഞ്ഞാറമൂട് വെള്ളുമണ്ണടി ചക്കക്കാട് സ്വദേശി ഷൈനാദാസ് സമർപ്പിച്ച പരാതിയിലാണ് നടപടി. മാർച്ച് 24 ന് രാത്രിയാണ് പരാതിക്കാരിയുടെ ഭർത്താവ് അരുൺ ഷോക്കേറ്റ് മരിച്ചത്. വെള്ളുമണ്ണടി ഓലിക്കര സ്വദേശികളുടെ ഉടമസ്ഥതയിലുള്ള വസ്തുവിൽ നിന്നുള്ള കമ്പിവേലിയിൽ നിന്നാണ് ഷോക്കേറ്റതെന്ന് പരാതിയിൽ പറയുന്നു.

വെഞ്ഞാറമൂട് എസ്എച്ച്ഒ റിപ്പോർട്ട് സമർപ്പിച്ചു. വസ്തു ഉടമകളായ സുശീലനും മകളായ ആശക്കും തിരുവനന്തപുരം സെഷൻസ് കോടതി മുൻകൂർ ജാമ്യം അനുവദിച്ചിട്ടുള്ളതായി റിപ്പോർട്ടിൽ പറയുന്നു. ഭർത്താവിന്റെ മരണത്തോടെ തന്റെയും 13 വയസുള്ള മകളുടെയും ജീവിതം പ്രതിസന്ധിയിലായെന്ന് പരാതിക്കാരി അറിയിച്ചു.

ദേശീയ കരാട്ടെ ചാമ്പ്യൻഷിപ്പ്: എസ്. മേഥയ്ക്ക് സ്വർണം

പുനലൂർ: ഓൾ ഇന്ത്യ ഷിട്ടോറ്യൂ ഡോ. ഫെഡറേഷൻ മൈസൂരിൽ നടത്തിയ ദേശീയ കരാട്ടെ ചാമ്പ്യൻഷിപ്പിൽ പെൺകുട്ടികളുടെ കത്ത മത്സരത്തിൽ പുനലൂർ വാളക്കോട് സ്വദേശിനി എസ്. മേഥ സ്വർണം നേടി. നവംബർ 27 മുതൽ ഡിസംബർ രണ്ടു വരെ സിംഗപ്പൂരിൽ നടക്കുന്ന ഇന്റർനാഷണൽ മത്സരത്തിൽ പങ്കെടുക്കാനുള്ള യോഗ്യതയും നേടി. വാളക്കോട് ശിവപ്രസാദത്തിൽ ഷാൻ പ്രസാദിന്റേയും സജിത ഷാന്റേയും മകളാണ്.

തുറമുഖത്ത് തദ്ദേശവാസികൾക്ക് 50 ശതമാനം ജോലി സംഭരണം നൽകണം : മുസ്‌ലിം ലീഗ്

വിഴിഞ്ഞം : വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്ത് തദ്ദേശവാസികൾക്ക് 50 ശതമാനം ജോലി സംഭരണം നൽകുമെന്ന വാക്ക് അധികൃതർ പാലിക്കണമെന്ന് മുസ്‌ലിം ലീഗ് വിഴിഞ്ഞം മേഖല കമ്മിറ്റി യോഗം ആവശ്യപ്പെട്ടു. നിലവിൽ പുറം നാടുകളിൽ നിന്നുള്ളവർക്കാണ് ജോലി നൽകുന്നതെന്നും ഇത് പ്രദേശവാസികളോടുള്ള വഞ്ചനയാണെന്നും ലീഗ് .

ഇത് തിരുത്താൻ സർക്കാർ തയാറായില്ലെങ്കിൽ ശക്തമായ പ്രതിഷേധ സമര സംഘടിപ്പിക്കുമെന്നും യോഗം മുന്നറിയിപ്പ് നൽകി. വിഴിഞ്ഞം ലീഗ് ഹൗസിൽ ചേർന്ന യോഗം ലീഗ് കോവളം മണ്ഡലം പ്രസിഡന്റ് ഡോ. എച്ച്. എ.റഹ്മാൻ ഉദ്ഘാടനം ചെയ്തു. വിഴിഞ്ഞം മേഖല പ്രസിഡന്റ് എം. എ. സുലൈമാൻ അധ്യക്ഷത വഹിച്ചു. മേഖല ജനറൽ സെക്രട്ടറി എം. ഹിദായത്തുല്ലാ . യുഡിഎഫ് കോവളം മണ്ഡലം ചെയർമാൻ വിഴിഞ്ഞം എൻ.എ. റസാഖ്, ഡോ. അബ്ദുൽ കലാം മിസ്ബാഹി, സിദ്ദിഖ് വിഴിഞ്ഞം, മാഹീൻ, റിയാസ് മന്നാനി, ഷമീർ മന്നാനി, പി.എം.ഖാൻ തുടങ്ങിയവർ പ്രസംഗിച്ചു.

ഇന്നത്തെ പരിപാടി

- പള്ളിത്തുറ വിശുദ്ധ മേരി മഗ്ദലേന ദേവാലയത്തിൽ തിരുനാൾ. യുവജന ദിനം. ജപമാല വൈകുന്നേരം അഞ്ചിന്
- നിശാഗന്ധി ഓഡിറ്റോറിയം ശ്രീകുമാരൻ തമ്പി പുരസ്കാരം മോഹൻലാലിന് സമ്മാനിക്കുന്നു, മുഖ്യമന്ത്രി പിണറായി വിജയൻ വൈകുന്നേരം 5.30ന്
- കുന്നത്തുകാൽ ശ്രീ ചിത്തിര തിരുനാൾ റസിഡൻഷ്യൽ സ്കൂളിൽ സിബിഎസ്ഇ സൗത്ത് സോൺ സഹോദയ കലോത്സവം രാവിലെ 9.30 മുതൽ
- വഴുതക്കാട് സുബ്രഹ്മണ്യം ഹാളിൽ ബേബി ജോൺ ഫൗണ്ടേഷന്റെ ആഭിമുഖ്യത്തിൽ ബേബി ജോൺ അനുസ്മരണം ഗാന്ധിമതി ബാലൻ ഉച്ചകഴിഞ്ഞ് 2.30 ന്

ഏഴു വയസുകാരനെ പീഡിപ്പിച്ച പൂജാരിക്ക് 20 വർഷം കഠിനതടവ്

പേരൂർക്കട: ഏഴു വയസുകാരനെ ലൈംഗികമായി പീഡിപ്പിച്ച കേസിൽ ക്ഷേത്ര പൂജാരിക്ക് 20 വർഷം കഠിനതടവും 25,000 രൂപ പിഴയ്ക്കും തിരുവനന്തപുരം അതിവേഗ പ്രത്യേക കോടതി ശിക്ഷിച്ചു. തിരുവല്ലം സ്വദേശി ഉണ്ണിക്കുട്ടൻ എന്ന ഉണ്ണികൃഷ്ണനെ (24) ആണ് ജഡ്ജി ആർ.രേഖ ശിക്ഷിച്ചത്. പിഴതുക അടച്ചില്ലെങ്കിൽ രണ്ടു മാസം കൂടുതൽ തടവ് അനുഭവിക്കണം. പിഴ തുക കുട്ടിക്ക് നൽകണമെന്ന് വിധിയിൽ ഉണ്ട്. 2022 ഫെബ്രുവരി 11നാണ് കേസിന് ആസ്പദമായ സംഭവം നടന്നത്. ഒന്നിലേറെ തവണ ഇയാൾ കുട്ടിയെ പീഡിപ്പിച്ചതായി പരാതിയിൽ പറയുന്നു. കുട്ടി വിവരം ബന്ധുക്കളോടു പറഞ്ഞതിനെ തുടർന്ന് ബന്ധുക്കൾ നൽകിയ പരാതിയുടെ അടിസ്ഥാനത്തിലാണ് പോലീസ് കേസ് രജിസ്റ്റർ ചെയ്തത്.

തിരുവനന്തപുരം ചാല കൊത്തുവാൽ സ്ട്രീറ്റിൽ പാർവതി ട്രേഡേഴ്സ് ഉടമ സുനിൽകുമാർ, വായാപാരി വ്യവസായ ഏകോപന സമിതി ജില്ല പ്രസിഡന്റ് ധനീഷ് ചന്ദ്രന് തുക കൈമാറുന്നു.

വിളവെടുപ്പ് ഉദ്ഘാടനം സംഘടിപ്പിച്ചു

വെമ്പായം: മാണിക്കൽ പഞ്ചായത്ത് കുടുംബശ്രീ സിഡിഎസ്ന്റെ പൂവേപൊലി പദ്ധതിയുടെയും, മാണിക്കൽ കൃഷിഭവന്റെ പൂവനി പദ്ധതിയുടെയും സംയുക്താഭിമുഖ്യത്തിൽ പഞ്ചായത്തിൽ രണ്ടേക്കർ ഭൂമിയിൽ നടപ്പിലാക്കിയ ജമന്തിപ്പൂ കൃഷിയുടെ വിളവെടുപ്പ് ഉദ്ഘാടനം പ്രസിഡന്റ് കുതിരകുളം ജയൻ നിർവഹിച്ചു.

പരിപാടിയിൽ സിഡിഎസ് ചെയർപേഴ്സൺ ബിന്ദു പിള്ള, കൃഷി ഓഫീസർ സതീഷ് കുമാർ, വൈസ് പ്രസിഡന്റ് ലേഖകുമാരി, ക്ഷേമകാരി സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ സഹീറത്ത് ബീവി, വാർഡ് മെമ്പർമാരായ സുധീഷ്, ബിനു, പുഷ്പലത, ഗീതാകുമാരി, പഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറി സുഹാസ് ലാൽ സിഡിഎസ് അംഗം വിജയകുമാരി തുടങ്ങിയവർ പങ്കെടുത്തു.

മാണിക്കൽ പഞ്ചായത്ത് കുടുംബശ്രീ സിഡിഎസിന്റെയും മാണിക്കൽ കൃഷിഭവന്റെയും സംയുക്താഭിമുഖ്യത്തിൽ നടപ്പിലാക്കിയ ജമന്തിപ്പൂ കൃഷിയുടെ വിളവെടുപ്പ് പ്രസിഡന്റ് കുതിരകുളം ജയൻ നിർവഹിക്കുന്നു.

വാർഷികാഘോഷം സംഘടിപ്പിച്ചു

വിതുര : ഫ്രാറ്റ് വിതുര മേഖല കമ്മിറ്റിയുടെ വാർഷികാഘോഷവും വിദ്യാഭ്യാസ അവാർഡ് വിതരണവും ബോധവത്കരണ ക്ലാസും വിതുര പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ നടന്നും. 85 റെസിഡൻസ് അസോസിയേഷനുകളിലെ എസ്എസ്എൽസി, പ്ലസ് ടു പരീക്ഷകളിൽ ഉന്നത വിജയം നേടിയ 200ഓളം കുട്ടികളെ ചടങ്ങിൽ അനുമോദിച്ചു. വിവിധ മേഖലകളിൽ സേവനപ്രവർത്തനം നടത്തിയവരെയും ചടങ്ങിൽ ആദരിച്ചു. സാംസ്കാരിക സമ്മേളനം ജില്ലാ സബ് ജഡ്ജ് എസ് .ഷംനാദ് ഉദ്ഘാടനം ചെയ്തു. ഫ്രാറ്റ് വിതുര മേഖലാ പ്രസിഡന്റ് ജി .ബാലചന്ദ്രൻ നായർ അധ്യക്ഷത വഹിച്ചു. പഞ്ചായത്ത് പ്രസിഡന്റ് മഞ്ജുഷ ജി .ആനന്ദ്, വിതുര എസ്എച്ച്ഒ ജി.പ്രതീപ്കുമാർ, ഫ്രാറ്റ് ജില്ലാ പ്രസിഡന്റ് കാലടി ശശികുമാർ, ജില്ലാ സെക്രട്ടറി വി.അനിൽപ്രസാദ്, മേഖലാ സെക്രട്ടറി തെന്നൂർ ശിഹാബ്, രഘു പൊൻപാറ,ശാന്തികൃഷ്ണ തുടങ്ങിയവർ പ്രസംഗിച്ചു.

ഫ്രാറ്റ് വിതുര മേഖലാ കമ്മിറ്റിയുടെ വാർഷികാഘോഷം ജില്ലാ സബ് ജഡ്ജ് എസ്.ഷംനാദ് ഉദ്ഘാടനം ചെയ്യുന്നു.

മോർച്ചറി ലൈബ്രറിയിലേക്ക് പുസ്തകങ്ങളുമായി ഋഷിരാജ് സിംഗ്

മെഡിക്കൽകോളജ്: തിരുവനന്തപുരം മെഡിക്കൽ കോളജ് ആശുപത്രിയിലെ മോർച്ചറിയിൽ പ്രവർത്തിച്ചു വരുന്ന ലൈബ്രറിയിലേയ്ക്ക് പുസ്തകങ്ങളുമായി ഋഷിരാജ് സിംഗ്.

എം.ടി വാസുദേവൻ നായരുടെ വാക്കുകളുടെ വിസ്മയം, മാധവിക്കുട്ടിയുടെ എന്റെ കഥ, എം.എസ് ഫൈസൽ ഖാന്റെ യന്ത്രക്കസേര ഉൾപ്പെടെ 50 പുസ്തകങ്ങളാണ് തന്റെ ശേഖരത്തിൽ നിന്ന് മുൻ ഡിജിപി മോർച്ചറി ലൈബ്രറിയിലേയ്ക്ക് സംഭാവനയായി നൽകിയത്.

പോസ്റ്റുമോർട്ടം വേളയിൽ പുറത്തു കാത്തുനിൽക്കുന്നവരുടെ മാനസിക സംഘർഷത്തിന് അയവു വരുത്തുന്നതിനായി മോർച്ചറിയിലെ സുരക്ഷാ ജീവനക്കാരനായ കണ്ണന്റെ നേതൃത്വത്തിൽ ലൈബ്രറി ആരംഭിച്ചത്.

നിലവിൽ 250 പുസ്തകങ്ങൾ ഉള്ള ലൈബ്രറി കൂടുതൽ വിപുലീകരിക്കണമെന്ന് നിർദ്ദേശിച്ച അദ്ദേഹം പ്രസിദ്ധ എഴുത്തുകാരുടെ നോവലുകൾ ഉൾപ്പെടെയുള്ള പുസ്തകങ്ങൾ ആശുപത്രി സൂപ്രണ്ട് ഡോ. ബി.എസ് സുനിൽകുമാറിന് കൈമാറി.

മുൻ സൂപ്രണ്ട് ഡോ. എ. നിസാറുദീൻ, അസിസ്റ്റന്റ് പോലീസ് സർജൻ ഡോ. മനോജ്, ഡോ. ധന്യ എന്നിവർ പങ്കെടുത്തു.

മോർച്ചറി ലൈബ്രറിയിലേയ്ക്ക് മുൻ ഡിജിപി ഋഷിരാജ് സിംഗ് സംഭാവന ചെയ്ത പുസ്തകങ്ങൾ ആശുപത്രി സൂപ്രണ്ട് ഡോ. ബി.എസ് സുനിൽകുമാർ ഏറ്റുവാങ്ങുന്നു.

ബൈക്കപകടത്തിൽ യുവാവിന് ഗുരുതര പരിക്ക്

കാട്ടാക്കട: പൂവച്ചൽ ഉണ്ടപ്പാറയിൽ ബൈക്ക് അപകടത്തെത്തുടർന്ന് ബൈക്ക് യാത്രികന് ഗുരുതര പരിക്കേറ്റു. വെള്ളിയാഴ്ച വൈകുന്നേരം 5.30 ഓടെയാണ് സംഭവം. അമിത വേഗതയിൽ എത്തിയ ബൈക്ക് കൊടും വളവിൽ നിയന്ത്രണം തെറ്റി വഴിയരികിൽ നിർത്തിയിരുന്ന മൂന്നോളം ഇരുചക്ര വാഹനങ്ങളെ ഇടിച്ചു തെറിപ്പിച്ചു. ബൈക്ക് സമീപത്തെ കടയിലേക്ക് ഇടിച്ച് കയറി. ഗുരുതര പരിക്കേറ്റ ബൈക്ക് യാത്രികനെ നാട്ടുകാർ ആംബുലൻസിൽ കാട്ടാക്കടയിലെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചെങ്കിലും പ്രാഥമികചികിത്സ നൽകി മെഡിക്കൽകോളജിലേക്ക് മാറ്റി. അതിനിടെ രോഗിയുമായി പോയ ആംബുലൻസ് രാത്രിയിൽ വെള്ളയമ്പലത്ത് അപകടത്തിൽ പെട്ടു. അപകടത്തിൽ ആർക്കും പരിക്കില്ല , മറ്റൊരാമ്പുലൻസ് എത്തി ഇവരെ മെഡിക്കൽ കോളജിലേക്ക് മാറ്റി.

അങ്കണവാടി നിയമനത്തിൽ അഴിമതിയെന്ന് ഉദ്യോഗാർഥികൾ

പൂവാർ: പൂവാർ പഞ്ചായത്തിൽ അങ്കണവാടിയിലേയ്ക്കുള്ള വർക്കർ ഹെൽപ്പർ നിയമനം അട്ടിമറിക്കുന്നതായി അക്ഷേപം.

അംഗൻവാടിയിൽ പ്രവർത്തി പരിചയമുള്ളവരെ തഴഞ്ഞു കൊണ്ട് പാർട്ടിക്കാരെ നിയമിക്കാനുള്ള നീക്കത്തിനെതിരെ ഹൈക്കോടതിയെ സമീപിക്കാനൊരുങ്ങി ഉദ്യോഗാർഥികൾ.

ഇക്കഴിഞ്ഞ 21, 22 ,23 തീയതികളിൽ പൂവാർ പഞ്ചായത്തിൽ നടന്ന ഇന്റർവ്യൂ പ്രഹസനമാണെന്ന് ഇവർ ആരോപിച്ചു.

സ്ഥിരനിയമനത്തിനായി ഒരു വർക്കർ, 11 ഹെൽപ്പർ എന്നീ ഒഴിവിലേയ്ക്കാണ് ഇന്റർവ്യൂ നടന്നത്.

പഞ്ചായത്തിൽ നടന്ന ഇന്റർവ്യൂ സമിതിയിൽ പഞ്ചായത്ത് പ്രസിഡന്റ്, അസിസ്റ്റന്റ് സെക്രട്ടറി, പാറശാല സിഡിപിഒ, ബ്ലോക്ക് മെമ്പർ എന്നിവർക്ക് പുറമെ സാമൂഹിക പ്രവർത്തകർ എന്ന പേരിൽ സിപിഎം അരുമാനൂർ ബ്രാഞ്ച് മെമ്പർ, സിപിഐ മുൻ ലോക്കൽ കമ്മിറ്റി സെക്രട്ടറിയുടെ ഭാര്യ റിട്ട, കലാകായിക രംഗത്ത് നിന്നും സിപിഎം പ്രവർത്തക എന്നിവരാണ് അഭിമുഖത്തിൽ പങ്കെടുത്തതെന്ന് ഉദ്യോഗാർഥികൾ ആരോപണം ഉന്നയിക്കുന്നു.

ICICI Home Finance | കോർപ്പറേറ്റ് ഓഫീസ്: ഐസിഐസിഐ ഹോം ഫിനാൻസ് കമ്പനി ലിമിറ്റഡ്, ഐസിഐസിഐ എച്ച്എഫ്സി ടവർ, അന്ധേരി-കുർള റോഡ്, അന്ധേരി (ഈസ്റ്റ്), മുംബൈ-400059, ഇന്ത്യ.
ബ്രാഞ്ച് ഓഫീസ്: ഗ്രൗണ്ട് ഫ്ളോർ, ഷോപ്പ് നമ്പർ V/1165-351C, എസ്എം ടവർ, മാടൻനട ജംഗ്ഷൻ, വടക്കേവിള പി.ഒ, പള്ളിമുക്ക്, കൊല്ലം – 691010
(റൂൾ 8(6) ന്റെ പ്രൊവിസോ കാണുക)
സ്ഥാവര ആസ്തികൾ വിൽക്കുന്നതിനുള്ള അറിയിപ്പ്

ഫിനാൻഷ്യൽ സെക്യൂരിറ്റൈസേഷനും പുനർനിർമ്മാണത്തിനും കീഴിലുള്ള സ്ഥാവര ആസ്തികൾ വിൽക്കുന്നതിനുള്ള ഇ-ലേല വിൽപ്പന അറിയിപ്പ് 2002 ലെ അസറ്റുകളും എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട്, സെക്യൂരിറ്റി ഇന്ററസ്റ്റ് റൂൾ 8 (6) ലെ വ്യവസ്ഥകൾ പ്രകാരം.
താഴെ വിവരിച്ചിരിക്കുന്ന സ്ഥാവര വസ്തുക്കൾ പണയപ്പെടുത്തിയ/ചാർജ് ചെയ്ത, [illegible], അതിന്റെ ഭൗതിക കൈവശം വച്ചിരിക്കുന്ന, പൊതുവെ പൊതുജനങ്ങൾക്കും പ്രത്യേകിച്ച് കടം വാങ്ങുന്നവർക്കും (ഉത്തരവാദികൾക്കും) ഐസിഐസിഐ ബാങ്ക് ലിമിറ്റഡിന്റെ അംഗീകൃത ഓഫീസർ നോട്ടീസ് നൽകുന്നു. "എവിടെയാണോ അവിടെ", "എന്താണോ അങ്ങനെ", " എന്തെല്ലാമാണോ അത്" പ്രകാരം താഴെ നൽകിയിരിക്കുന്ന സംക്ഷിപ്ത ആസ്തികൾ വിൽക്കുന്നതാണ്.

ക്രമ നമ്പർ	വായ്പ എടുത്തവരുടെ /കൂട്ടുവായ്പയെടുത്തവരുടെ/ഗ്യാരണ്ടർമാരുടെ/നിയമപരമായ അവകാശിയുടെ പേര് /ലോൺ അക്കൗണ്ട് നമ്പർ	സുരക്ഷിതമായ ആസ്തികളുടെ വിശദാംശങ്ങൾ അറിയാവുന്ന ബാധ്യതകളോടെ, എന്തെങ്കിലും ഉണ്ടെങ്കിൽ	കുടിശ്ശികയുള്ള തുക	കരുതൽ തുക നിരതദ്രവ്യം	വസ്തു പരിശോധനയുടെ തീയതിയും സമയവും	ലേല തീയതിയും സമയവും	ലേലത്തിന്റെ ഒരു ദിവസം മുമ്പേ	സർഫേസി സ്റ്റേജ്
(A)	(B)	(C)	(D)	(E)	(F)	(G)	(H)	(I)
1	ശ്രീ. സായൂഷാൻ വി.എസ് (വായ്പ എടുത്തയാൾ)സിജാർഡൻ കെ (സഹ-വായ്പക്കാരൻ)ലോൺ അക്കൗണ്ട് നമ്പർ. LHKOL00001388567	റീസർവ്വേ നമ്പർ 402/4-2 4-2, ബ്ലോക്ക് നമ്പർ 22, പഴയ സർവ്വേ നമ്പർ 1599, നടുവിലക്കര, തൃക്കോവിൽവട്ടം, കൊല്ലം-691021	രൂപ. 10,24,899.22 (ഓഗസ്റ്റ് 22, 2024 വരെ)	രൂപ. 4,54,300/- രൂപ. 45,430/-	സെപ്റ്റംബർ 23, 2024 11:00 AM 03:00PM	ഒക്ടോബർ 04, 2024 02:00 PM 03:00PM	ഒക്ടോബർ 03, 2024 05.00 PM ന് മുമ്പ്	വസ്തു കൈവശപ്പെടുത്തിയത്

ഞങ്ങളുടെ ലേല ഏജൻസിയായ ശ്രീറാം ഓട്ടോമാൾ ഇന്ത്യ ലിമിറ്റഡ് ന്റെ വെബ്സൈറ്റിൽ (URL Link- eauctions.samil.in) ഓൺലൈൻ ലേലം നടത്തും. പണയക്കാർക്ക് 2024 ഒക്ടോബർ 03 ന് 05:00 PM മുമ്പുവരെ പലിശ സഹിതമുള്ള കുടിശ്ശിക അടക്കാവുന്നതും, നൽകാത്തപക്ഷം മേൽപറഞ്ഞ വസ്തു വിൽക്കുന്നതുമാണ്.
പ്രതീക്ഷിക്കുന്ന ബിഡ്ഡർ(കൾ) മുകളിൽ പറഞ്ഞിരിക്കുന്ന ബ്രാഞ്ച് ഓഫീസ് അഡ്രസിൽ എണസ്റ്റ് മണി ഡിപ്പോസിറ്റ് (ഇഎംഡി) ഡിമാൻഡ് ഡ്രാഫ്റ്റ് (ഡിഡി) (കോളം E കാണുക) നിർബന്ധമായും 2024 ഒക്ടോബർ 03, 04:00 PM നോ അതിനു മുമ്പോ സമർപ്പിക്കേണ്ടതാണ്.
ടെണ്ടർ രേഖകളുടെ ഒപ്പിട്ട പകർപ്പ് & രജിസ്ട്രേഷൻ ഫോം & ബിഡ് ടേംസ് ആന്റ് കണ്ടീഷൻസ് സഹിതം മുകളിൽ പറഞ്ഞിരിക്കുന്ന ബ്രാഞ്ച് ഓഫീസ് അഡ്രസിൽ 2024 ഒക്ടോബർ 03, 05:00 PM നോ അതിനു മുമ്പോ സമർപ്പിക്കാം. 'ICICI Home Finace Company Ltd-Aution' [illegible] മാറാവുന്ന തരത്തിൽ ഒരു ദേശസാത്കൃത /ഷെഡ്യൂൾഡ് ബാങ്കിൽ നിന്നെടുത്ത എണസ്റ്റ് മണി ഡെപ്പോസിറ്റ് DD/ഡ്രാഫ്റ്റ് ആയിരിക്കണം.
ഇ-ലേലത്തിന്റെ പരിശോധന, നിബന്ധനകളും വ്യവസ്ഥകളും അല്ലെങ്കിൽ ടെൻഡർ സമർപ്പിക്കലും സംബന്ധിച്ച കൂടുതൽ വ്യക്തതകൾക്കായി ഐസിഐസിഐ ഹോം ഫിനാൻസ് കമ്പനി ലിമിറ്റഡ്, ഫോൺ: 9920807300 എന്ന നമ്പരിൽ ബന്ധപ്പെടാവുന്നതാണ്.
കൂടുതൽ കാരണങ്ങളൊന്നും നൽകാതെ ഏതെങ്കിലും അല്ലെങ്കിൽ എല്ലാ ബിഡുകളും നിരസിക്കാനുള്ള അധികാരം അംഗീകൃത ഓഫീസർക്ക് നിക്ഷിപ്തമാണ്. വിൽപ്പനയുടെ വിശദമായ നിബന്ധനകൾക്കും വ്യവസ്ഥകൾക്കും, ദയവായി www.icicihfc.com സന്ദർശിക്കുക.
തീയതി: ഓഗസ്റ്റ് 31, 2024
സ്ഥലം: കൊല്ലം
അംഗീകൃത ഓഫീസർ ഐസിഐസിഐ ഹോം ഫിനാൻസ് കമ്പനി ലിമിറ്റഡ്
CIN Number: U65922MH1999PLC120106